<u>15 -ാം കേരള നിയമസഭ</u>

<u>7 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1094</u> <u>07-12-2022 - ൽ മറുപടിയ്ക്ക്</u>

<u>മലമ്പുഴ ജലസേചന പദ്ധതി - കനാലുകളുടെ ശുചീകരണം</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിൽ മലമ്പുഴ ജലസേചന പദ്ധതിയുടെ ഉപകനാലുകളും കാഡ കനാലുകളും ശുചീകരിക്കാത്തതിനാൽ മലമ്പുഴ ഡാമിൽ നിന്നുള്ള വെള്ളം കൃഷിയാവശ്യത്തിന് ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; രണ്ടാം വിള ഞാറ്റടി തയ്യാറാക്കലും നടീലും സ്തംഭനത്തിൽ ആയിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വിഷയത്തിൽ അടിയന്തിരമായി ഇടപെട്ട് പ്രശ്നം പരിഹരിക്കുമോ? | (എ) | **ഉണ്ട്. ആവർത്തന സ്വഭാവമുള്ള പ്രവൃത്തികൾ MGNREGS മുഖേന നിലവിൽ നടപ്പിലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ കനാൽ ശുചീകരണത്തിന് ഫണ്ട് നൽകേണ്ടതായിട്ടുണ്ട്. 19/11/2022 ന് ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടേയും ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ പാലക്കാട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടന്ന യോഗത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ കനാൽ ശുചീകരണ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള സാധ്യത ആലോചിക്കാൻ തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 22/11/2022 ന് ബഹു. മലമ്പുഴ എം എൽ എ യുടെ സാന്നിദ്ധ്യ- ത്തിൽ മലമ്പുഴ പദ്ധതിയുടെ PAC യോഗം ചേരുകയും ജില്ലാ പഞ്ചായത്തിൽ നിന്നു ഒരു കോടി രൂപ അനുവദിക്കുമെന്ന ഉറപ്പിന്മേൽ, ജലസേചന വകുപ്പ് കനാലുകൾ വൃത്തിയാക്ക ണമെന്ന തീരുമാനം ഉണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ കനാലുകൾ വൃത്തിയാക്കു ന്നതിനുള്ള ഷോർട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിക്കുകയും വൃത്തിയാക്കൽ പ്രവൃത്തി നടന്നു വരികയും ചെയ്യുന്നു.**<br><br>**മലമ്പുഴ ഡിവിഷനു കീഴിലുള്ള കനാൽ വൃത്തിയാക്കൽ പ്രവർത്തികൾക്കായുള്ള 8.58 കോടി രൂപയുടെ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്.** |

സെക്ഷൻ ഓഫീസർ